# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3057      23.03.2015 -ൽ മറുപടിക്ക്

## പൈതൃക മ്യൂസിയം

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം.പി.വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ.റ്റി.ജോർജ്:

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. എല്ലാ ജില്ലകളിലും ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം,തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇതിനായി 2012-13, 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 14 കോടി, 7 കോടി, 5 കോടി രൂപ എന്നിങ്ങനെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | നമ്മുടെ പൈതൃകത്തിന്റേയും ചരിത്രത്തിന്റേയും തിരുശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടു കൂടി മ്യൂസിയം സജ്ജീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതു മുഖേന അവയുടെ ഒരു ഭാഗം കേരള ചരിത്രവുമായി ബന്ധപ്പെടുത്തുന്നതും ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രദേശത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു വിഭാഗവും മ്യൂസിയത്തിലുണ്ടായിരിക്കുന്നതാണ്. |
| (സി) | ആരുടെയെല്ലാം സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് പുരാവസ്തുവകുപ്പാണ്. ഇതിന്റെ പണികൾ, മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം വഴിയാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | ഇതുവരെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട,വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ മ്യൂസിയം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലക്കാട്, പത്തനംതിട്ട ജില്ലകൾ ഒഴികെയുള്ള മറ്റ് 4 ജില്ലകളിലും മ്യൂസിയം നിർമ്മാണ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ